നം. സി.ഇ.ഇ/1717/2010/കെഇഎഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട (ഏഴാം ഘട്ടം) കേന്ദ്രീകൃത അലോട്ട്മെന്റ്

2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള അവസാന ഘട്ട അലോട്ട്മെന്റ് (ഏഴാം ഘട്ടം) നടപടിക്രമങ്ങൾ **29.09.2011** ന് ആരംഭിക്കുന്നതാണ്. ഈ അലോട്ടുമെന്റിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകൾ/കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **29.09.2011 മുതൽ 02.10.2011 വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **02.10.2011** വൈകുന്നേരം 5 മണി വരെ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **04.10.2011** ന് **ഏഴാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.**

രണ്ടാം ഘട്ട അലോട്ട്മെന്റ് മുതൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടിക്രമങ്ങൾ നാലാം ഘട്ട അലോട്ട്മെന്റോടെ അവസാനിച്ചു. എംബിബിഎസ്/ബിഡിഎസ് കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് 28.09.2011 ന് പ്രസിദ്ധീകരിച്ച ആറാം ഘട്ട അലോട്ട്മെന്റോടു കൂടി അവസാനിച്ചു. ഈ കോളേജ്/കോഴ്സുകളിലേക്ക് ഇനി അഡ്മിഷൻ ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.

ഇപ്പോൾ അലോട്ട്മെന്റ് തുടരുന്ന മറ്റു കോളേജുകളിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇപ്പോഴുള്ള അഡ്മിഷനിൽ താൽപര്യമില്ലെങ്കിൽ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി **01.10.2011 ന് വൈകുന്നേരം 5 മണിക്കു മുൻപ്** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അലോട്ടുമെന്റ് ക്യാൻസൽ ചെയ്യുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്. **01.10.2011 ന് ശേഷം അഡ്മിഷൻ ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.**

ഏഴാം ഘട്ട അലോട്ടുമെന്റ് പ്രകാരം പുതുതായി അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ/കോളേജ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ, ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **ഒക്ടോബർ 10 മുതൽ 15 വരെ തീയതികളിൽ** ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾക്ക് **ഒക്ടോബർ 10 മുതൽ 15 വരെ തീയതികളിൽ** അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാവുന്നതാണ്.

**<u>ഇതുവരെ ലഭിച്ച അഡ്മിഷൻ തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.</u>**

**അവസാന ഘട്ട അലോട്ട്മെന്റ് (ഏഴാം ഘട്ടം) ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 29.09.2011 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകൾ/കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 01.10.2011 വൈകുന്നേരം 5 മണി | ഇപ്പോൾ ലഭിച്ചിട്ടുള്ള അഡ്മിഷനുകൾ ക്യാൻസൽ ചെയ്യാനുള്ള അവസാന ദിവസം |
| 02.10.2011 | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **04.10.2011** | **അവസാന ഘട്ട (ഏഴാം ഘട്ടം) അലോട്ടുമെന്റ്** |
| 10.10.2011 മുതൽ 15.10.2011 വരെ | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം |
| 10.10.2011 മുതൽ 15.10.2011 വരെ | അലോട്ട്മെന്റ് ലഭിച്ച് ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. |
| 15.10.2011 വൈകുന്നേരം 5 മണി | കോളേജ് അധികാരികൾ നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |

**അവസാന ഘട്ട അലോട്ടുമെന്റിൽ (ഏഴാം ഘട്ടം) താഴെ പറയുന്ന കോഴ്സ്/കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ് :**

## New Private Self-financing Engineering Colleges

| No. | College | Course |
|---|---|---|
| 1 | Younus Institute of Technology, Kannanalloor, Nedumpana P O, Kollam **(YCK )** | **CE, EC, EE, ME** |
| 2 | College of Engineering & Technology, Payyannur, Kaithapram, Mathamangalam P O, Kannur **(CEN)** | **CE, EC, EE, ME** |

## New Engineering Courses

| | | |
|---|---|---|
| 1 | Valia Koonambaikulathamma College of Engineering & Technology, Chavarcode, Parippally P O, Thiruvananthapuram **(VKE)** | **CE** |
| 2 | Veda Vyasa Institute of Technology, Ponnempadam P O, Karadparamba, Malappuram **(VVT)** | **CE** |
| 3 | Toc H Institute of Science & Technology, Mulamthurutthy, Arakunnam P O, Ernakulam **(TOC)** | **FS** |
| 4 | KMP College of Engineering, Cherukunnam, Asamanoor P O, Perumbavoor **(KMP)** | **CS, EE** |
| 5 | Ilahia School of Science & Technology, Muvattupuzha, Ernakulam **(ICT)** | **CS** |
| 6 | MES Institute of Technology & Management, Chathannoor P O, Kollam **(MEK)** | **ME** |
| 7 | Malabar Institute of Technology, Anjarakandy, Kannur **(MLT)** | **ME** |

## Government Aided/Self-financing Ayurveda/Siddha Colleges (BAMS/BSMS)

1 Vaidyaretnam Ayurveda College, Thaikkattussery P O, Ollur, Thrissur **(OLR)**

2 Pankajakasthuri Ayurveda Medical College, Kattakada P O, Thiruvananthapuram **(PKJ)**

*3 PNNM Ayurveda Medical College, Cheruthuruthy P O, Shoranur, Thrissur - 679531 **(PNA)**

*4 Vishnu Ayurveda College, Govt. Press P O, Shornur, Palakkad **(VSH)**

*5 Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Pangode, Puthur, Kollam **(SNA)**

*6 Santhigiri Ayurveda Medical College, Olassery P O, Kodumbu Via, Palakkad **(SGA)**

*7 Santhigiri Siddha Medical College, Santhigiri P O, Pothencode Via, Thiruvananthapuram **(SGS)**

*** <u>Note</u>**:- Allotment to these institutions will be subject to final orders of Hon'ble High Court in W.P.(C)s filed with regard to obtaining permission from CCIM and Department of AYUSH.

**മുന്നറിയിപ്പ്:-** അവസാന ഘട്ട അലോട്ട്മെന്റ് (ഏഴാം ഘട്ടം) ആയതിനാൽ വിദ്യാർത്ഥികൾ അനാവശ്യ ഓപ്ഷനുകൾ നിലനിർത്തുകയോ, ആവശ്യമില്ലാത്ത പുതിയ ഓപ്ഷനുകൾ നൽകുകയോ ചെയ്യാൻ പാടുള്ളതല്ല. അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും അതത് കോളേജ്/ കോഴ്സുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്.

എഞ്ചിനീയറിംഗ്/ആയുർവ്വേദ കോഴ്സുകൾക്കുള്ള അലോട്ടുമെന്റ് ബഹു:ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിലെ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ)



തിരുവനന്തപുരം

28.09.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**